പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3568 08.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിൽ റദ്ദ് ചെയ്ത സർവ്വീസുകൾ

ചോദ്യം

ശ്രീ.ആന്റണി ജോൺ

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ താല്ക്കാലിക ജീവനക്കാരെ മാറ്റി നിർത്തിയതുമൂലം സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. താൽക്കാലിക ഡ്രൈവർമാരെ പിരിച്ചുവിട്ടത് 2019 ഒക്ടോബർ ആദ്യവാരമാണ്. ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കുറവ് മൂലം കെ.എസ്.ആർ.ടി.സി ഒക്ടോബർ മാസത്തിൽ ശരാശരി 355 ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. എന്നാൽ യാത്രക്കാർ വളരെയധികം കുറവുള്ളതും, താരതമ്യേന വരുമാനക്കുറവുള്ളതുമായ ഷെഡ്യൂളുകളും ട്രിപ്പുകളുമാണ് ഇത്തരത്തിൽ റദ്ദ് ചെയ്തിട്ടുള്ളത്. |
| (ബി) | ഇത്തരത്തിൽ താല്ക്കാലിക ജീവനക്കാരെ മാറ്റി നിർത്തിയതുമൂലം കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ സർവ്വീസുകൾ റദ്ദുചെയ്യേണ്ടി വന്നിട്ടുണ്ടോ; ഏതെല്ലാം സർവ്വീസുകളാണ് റദ്ദുചെയ്യേണ്ടി വന്നിട്ടുള്ളതെന്നും വിശദമാക്കാമോ; | (ബി) | താൽക്കാലിക ജീവനക്കാരെ മാറ്റി നിർത്തിയതുമൂലം കോതമംഗലം കെ.എസ്. ആർ.ടി.സി ഡിപ്പോയിൽ നിന്നും 05.15 അടിമാലി, 07.10 എറണാകുളം, 07.00 മൂവാറ്റുപുഴ, 07.20 പൈങ്ങോട്ടൂർ, 07.40 വടാട്ടുപ്പാറ, 07.00 വൈറ്റില എന്നീ സർവ്വീസുകൾ റദ്ദാക്കിയിട്ടുണ്ട്. |
| (സി) | കോതമംഗലം കെ.എസ്.ആർ. | | താൽക്കാലിക ജീവനക്കാരെ മാറ്റി |

| | | | |
|---|---|---|---|
| | ടി.സി. ഡിപ്പോയിൽ നിന്നും ഇത്തരത്തിൽ റദ്ദ് ചെയ്തിട്ടുള്ള സർവ്വീസുകൾ പുനരാരംഭിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എത്ര സർവ്വീസുകൾ പുനരാരംഭിച്ചു വെന്നും വ്യക്തമാക്കാമോ; | (സി) യും (ഡി) യും | നിർത്തിയതുമൂലം കോതമംഗലം ഡിപ്പോയിൽ നിന്നും താൽക്കാലികമായി റദ്ദ് ചെയ്ത ടി ഷെഡ്യൂളുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരാർ അടിസ്ഥാനത്തിൽ ഡ്രൈവർമാരെ നിയോഗിച്ച് യാത്രക്കാർ കൂടുതലുള്ള മേഖലയിലേയ്ക്ക് സർവ്വീസുകൾ ക്രമീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും റദ്ദ് ചെയ്തിട്ടുള്ള സർവ്വീസുകൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**